# ജീവിതയാത്ര

എം. എൻ. കാരശ്ശേരി



ജീവിതയാത്ര

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Travellers by Staubbach Falls, a painting by Heinrich Höfer (1825–1878). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ജീവിതയാത്ര!

കോഴിക്കോട്ടുനിന്ന് ഞാൻ മുക്കത്തേക്ക് ബസ്സിൽ വരികയായിരുന്നു. ചുറ്റുപാടുകൾ ശ്രദ്ധിക്കാതെ കൈയിലുള്ള വാരികയിൽ തലയും പൂഴ്ത്തി ഇരിക്കുകയാണ്.

വഴിയിലെവിടെയോ ബസ്സ് നിർത്തി. ആളുകൾ കയറുകയും ഇറങ്ങുകയും ചെയ്യുന്നതിന്റെ തിക്കും തിരക്കും ബഹളവും. വായന മുറിഞ്ഞു.

അക്കൂട്ടത്തിൽ ബസ്സിലേക്കു കയറിവരുന്ന വെളുത്തുതടിച്ച മനുഷ്യന്റെ ഛായ അറിയാതെ ശ്രദ്ധിച്ചുപോയി. കഷണ്ടികയറിയ തല കറുത്ത ഫ്രെയിമുള്ള കട്ടിക്കണ്ണട, നരകയറിയ മീശ, പാന്റിനകത്തേക്കു നുണ്ടിറങ്ങിയ ഷർട്ടിനോട് എന്തോ പൂർവ്വവൈരാഗ്യം ഉള്ളതുപോലെ തുറിച്ചുനില്ക്കുന്ന വയറ്, ആ വയറിനെ അമർത്തിപ്പിടിക്കുന്നതിൽ പരാജയപ്പെട്ടതിന്റെ നിസ്സഹായത വെളിപ്പെടുത്തുന്ന ബെൽട്ട്, കൈയിൽ തൂക്കിപ്പിടിച്ച തുണിസഞ്ചിയിൽനിന്ന് തല പുറത്തേക്കിട്ടുനോക്കുന്ന പടവലങ്ങയും പയറും. വിശദീകരിക്കാനാവാത്ത ഏതോ അതൃപ്തി നിറഞ്ഞു നില്ക്കുന്ന മുഖം.

ആളെ നേരത്തെ എവിടെയോ കണ്ടിട്ടുള്ളതുപോലെ. അല്ല, വളരെ അടുത്ത് പരിചയമുണ്ടായിരുന്ന ആരോ ആണത്.

അയാൾ തൊട്ടുമുന്നിലെ സീറ്റിൽ വന്നിരുന്നു. തൊട്ടടുത്തു മറ്റൊരാൾ വന്നിരുന്നപ്പോൾ ഏതോ നികൃഷ്ടജീവിയെ നോക്കുംപോലെ അയാൾ നോക്കി.

ഓർമ്മകളിൽ മുങ്ങിത്തപ്പി നോക്കി: ഏതാണപ്പാ ഈ പഹയൻ? ശ്ശെ, എത്രയായിട്ടും ഈ വിദ്വാനെ ഓർമ്മ കിട്ടുന്നില്ലല്ലോ.

തിരക്കും കൊണ്ട് കുതിച്ചുപായുന്ന ആ ബസ്സിലിരുന്ന് അയാൾ ഒരു സിഗരറ്റിന് തീ പിടിച്ചു അടുത്തിരുന്ന ആൾ ആ പുകപടലങ്ങളിൽപ്പെട്ട് അസ്വസ്ഥനാകുന്നത് അയാൾ ശ്രദ്ധിക്കുന്നേയില്ല.

പെട്ടെന്ന് മനസ്സിലേക്ക് വർഷങ്ങൾക്കുമുമ്പ് കണ്ട ഒരു ചെറുപ്പക്കാരന്റെ ചിത്രം കടന്നുവന്നു. തലനിറച്ച് കറുത്തുചുരുണ്ട മുടി, നേർത്ത മീശ, നീല ഷർട്ട്, ഡബിൾ ദോത്തി, വെളുത്തുമെലിഞ്ഞ ദേഹം, മുഖം നിറയെ ചിരി... ലോകത്തോടു മുഴുവൻ സൗഹൃദം.

പൊടുന്നനെ മനസ്സ് ഉണർന്നു: ഹസ്സൻ!

അതെ, ആ മനുഷ്യൻ തന്നെയാണ് മുമ്പിലിരുന്ന് സിഗരറ്റ് വലിക്കുന്നത്.

തോണ്ടിവിളിച്ച് ലോഹ്യം പറഞ്ഞലോ? ആളെ തിരിച്ചറിയുമ്പോൾ അയാൾ തീർച്ചയായും സന്തോഷിക്കും.

ഇനി തിരിച്ചറിഞ്ഞില്ലെങ്കിലോ? ചേപ്രയല്ലേ? പക്ഷേ, അങ്ങനെ വരാൻ ന്യായമില്ല. അയാൾ നല്ല സൗഹൃദമുള്ളവനാണ്. കലാരസികനാണ്. നന്നായിവായിക്കും. എഴുത്തുകാരോടും സാഹിത്യാധ്യാപകരോടുമൊക്കെ അയാൾക്ക് വലിയ കമ്പമാണ്. തമ്മിൽ കണ്ടിട്ട് ഒരുപാട്, ഒരുപാട് കാലമായി.

തോണ്ടിവിളിക്കാൻ എന്നിട്ടും ഒരു ധൈര്യം തോന്നിയില്ല. അതോ, സ്വന്തം പൊങ്ങച്ചം കൊണ്ടോ?

കുറച്ചുനേരം ഓരോന്നാലോചിച്ച് പുറത്തേക്ക് നോക്കിയിരുന്നു. പിന്നെ വാരികയിലേക്കു തല പൂഴ്ത്തി. ബസ് മുന്നോട്ടുപായുമ്പോൾ വീണ്ടും ഒരാലോചന: തോണ്ടിവിളിക്കണോ? വേണ്ട. അയാൾ മുക്കത്തേക്കാണെങ്കിൽ ബസ്സിറങ്ങിയ ശേഷം സംസാരിക്കാം.

അല്പം കഴിഞ്ഞ് വാരികയിൽനിന്ന് തല ഉയർത്തി നോക്കുമ്പോൾ മുന്നിലെ സീറ്റ് ഒഴിഞ്ഞുകിടക്കുന്നു. ഹസ്സനും ഒപ്പമിരുന്ന ആളും വഴിയിലെവിടെയോ ഇറങ്ങിപ്പോയിരിക്കുന്നു.

ച്ഛെ, മോശമായിപ്പോയി വളരെക്കാലംകൂടി ഒരു സുഹൃത്തിനെ കണ്ടിട്ട് മിണ്ടിയില്ല. അയാൾ തിരിച്ചറിഞ്ഞിരിക്കാൻ ഇടയില്ല. എന്നാലും ഞാൻ തിരിച്ചറിഞ്ഞതാണല്ലോ.

അങ്ങനെ കുണ്ഠിതം തോന്നാൻ ന്യായമുണ്ട്. അത്രയും സന്തോഷവും ശകലം അന്തസ്സും തോന്നുന്ന ഒരു സാഹചര്യത്തിലാണ് ഞാൻ അയാളെ പരിചയപ്പെട്ടത്.

പത്തിരുപതുകൊല്ലം മുമ്പാണ്. ഞാൻ അന്ന് കോഴിക്കോട്ട് ഗുരുവായൂരപ്പൻ കോളേജിൽ ബി. എ. ഒന്നാം വർഷ വിദ്യാർത്ഥിയാണ്. അന്ന് ചന്ദ്രിക ആഴ്ചപ്പതിപ്പിൽ സ്ഥിരമായി എഴുതിപ്പോന്നിരുന്നു—കഥ, ലേഖനം, 'തപാൽപെട്ടി'യിലെ വിവാദക്കുറിപ്പുകൾ... അങ്ങനെ ചിലതൊക്കെ.

അന്നൊരിക്കൽ പഞ്ചായാത്ത് ആഫീസിൽ എന്തോ കടലാസ് ശരിപ്പെടുത്താൻ പോയി മടങ്ങിവന്ന ജ്യേഷ്ഠൻ സലാം നടുക്കണ്ടി പറഞ്ഞു. "ഇനി ഇക്കാര്യത്തിന് നീ പോയാ മതി."

ഇക്കാക്ക വിശദീകരിച്ചു. പഞ്ചായത്ത് ആഫീസിൽ പുതുതായി ഒരു ക്ലാർക്കു വന്നിട്ടുണ്ട്—ഹസ്സൻ. ചെറുപ്പക്കാരൻ. നല്ല വായനക്കാരനാണ്. ഞാൻ കാരശ്ശേരിക്കാരനാണ് എന്നു മനസ്സിലാക്കിയപ്പോൾ നിന്നെ അറിയുമോ എന്നു ചോദിച്ചു. നിന്റെ ഇക്കാക്കയാണ് എന്നറിഞ്ഞപ്പോൾ മൂപ്പർക്കു പെരുത്തു സന്തോഷം നിന്നെ പരിചയപ്പെടണമെന്നു പറയുന്നു. മൂപ്പർ ചന്ദ്രിക ആഴ്ചപ്പതിപ്പിന്റെ സ്ഥിരം വായനക്കാരനാണ്. നിന്റെ പേര് കണ്ടാൽ വായിക്കാതെ വിടാറില്ലത്രെ!

ഞാൻ ഒന്നു പൊങ്ങി—ന്യായമായും ശകലം അന്തസ്സുതോന്നി. 'എന്റെ പേര് കണ്ടാൽ വായിക്കും' എന്നൊരു വാചകം മുമ്പ് കേട്ടിട്ടില്ല!

അടുത്ത ആഴ്ച ഇക്കാക്ക പഞ്ചായത്ത് ആഫീസിൽ പോയപ്പോൾ കൂടെ ഞാനും പോയി. ഹസ്സനെ ഒന്നു നേരിൽ കാണാനും അയാളോടു രണ്ട് വർത്തമാനം പറയാനുമുള്ള പൂതി അങ്ങനെ നിർത്തിയാൽ നിൽക്കുന്നതായിരുന്നില്ല. ദുനിയാവിൽ എനിക്കാകപ്പാടെയുള്ള ആരാധകനാണല്ലോ അയാൾ.

ആ വഴി പോകുമ്പോൾ വെറുതെ ഇക്കാക്കയോടൊപ്പം ആഫീസിൽ കയറിയതാണ എന്ന് ഉപായം പറഞ്ഞ് ഹസ്സനെ പരിചയപ്പെട്ടു. അയാൾക്കു വളരെ സന്തോഷമായി. ഞങ്ങൾക്കു ചായ വരുത്തിത്തന്നു. ഇക്കാക്കയുടെ കടലാസ് ഉടനെ ശരിപ്പെടുത്തിക്കൊടുത്തു. വർത്തമാനം പറഞ്ഞു വന്നപ്പോൾ ഞാൻ അതുവരെ എഴുതിയതൊക്കെ അയാൾ വായിച്ചിരിക്കുന്നു! ചിലതൊക്കെ കൃത്യമായി ഓർത്തുവച്ചിരുന്നു. അയാളെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുക്കാൻ തോന്നിപ്പോയി!

ഞങ്ങൾ പിന്നെ പലപ്പോഴും കണ്ട് ലോഹ്യം പുതുക്കിയിരുന്നു. അയാൾ അന്യനാട്ടുകാരനായിരുന്നിട്ടും പരോപകാരങ്ങളുടെയും സൗഹാർദ്ദങ്ങളുടെയും പേരിൽ എളുപ്പം ഞങ്ങളുടെ നാട്ടുകാർക്ക് പ്രിയംകരനായിത്തീർന്നു. ഞാൻ നാട്ടിലില്ലാത്ത സമയത്ത് എപ്പോഴോ സ്ഥലം മാറിപ്പോവുകയും ചെയ്തു. പിന്നെ തമ്മിൽ കാണാൻ ഇടയായില്ല. വല്ലപ്പോഴുമൊക്കെ ഞാൻ അയാളെ ഓർമ്മിച്ചിരുന്നു.

അത്രയും വേണ്ടപ്പെട്ട ഒരാളെയാണ് അവഗണിച്ചുകളഞ്ഞത്. അന്നത്തെ ആ പയ്യൻ ബി. എ. പാസ്സായെന്നും തുടർന്നുപഠിച്ച് ഇപ്പോൾ ലക്ചറർ ആയെന്നും അറിയുമ്പോൾ അയാൾ സന്തോഷിക്കുമായിരുന്നില്ലേ? ആ പയ്യൻ ചില പുസ്തകങ്ങളൊക്കെ പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്ന് അറിയുമ്പോൾ അയാൾ കൗതുകം കൊള്ളുമായിരുന്നില്ലേ?

ഏതായാലും ആ സൗഹൃദം പുതുക്കാഞ്ഞതു മോശമായി എന്നൊരു തീർപ്പുമായിട്ടാണ് ബസ്സിൽ നിന്നിറങ്ങിയത്.

മൂന്നുദിവസം കഴിഞ്ഞ് അതേ റൂട്ടിൽ, അതേ ബസ്സിൽ, അതേ നേരത്ത് വരികയായിരുന്നു. അന്ന് ഹസ്സൻ കയറിയ സ്റ്റോപ്പിലെത്തിയപ്പോൾ വെറുതേ അയാളെ ഓർമ്മിച്ചുപോയി അദ്ഭുതം! അതാ ഹസ്സൻ കയറി വരുന്നു തൊട്ടടുത്ത സീറ്റ് ഒഴിഞ്ഞു കിടക്കുകയുമാണ്...

കൈയും കലാശവും കാണിച്ച് ഒരിളം ചിരിയോടെ അയാളെ ക്ഷണിച്ചു:

"വരൂ ഇവിടെയിരിക്കാം."

എനിക്കെന്തോ ആനുകൂല്യം അനുവദിക്കുന്ന ഭാവത്തിൽ അയാൾ വന്നു ഇരുന്നു. അങ്ങനെ ക്ഷണിച്ചത് ആരാണെന്നുപോലും അയാൾ ശ്രദ്ധിച്ചില്ല.

ലോകത്തോടു മുഴുവൻ എന്തോ കയ്പുള്ളതുപോലെ അയാൾ മുമ്പിലിരിക്കുന്ന മനുഷ്യന്റെ കഷണ്ടിയിലേക്കു തുറിച്ചുനോക്കിക്കൊണ്ടിരിക്കുകയാണ്. തന്റെ തൊട്ടടുത്ത് ഇങ്ങനെയൊരു മനുഷ്യജീവി ഉണ്ടെന്ന് യാതൊരു കൂട്ടവുമില്ല.

പെട്ടെന്ന് എനിക്ക് ഒരു വെളിപാട്. ഇയാളെ കണ്ടത് ഇരുപതുകൊല്ലം മുമ്പാണ്. അന്ന് ക്ലാർക്കായിരുന്ന ആൾ ഇപ്പോൾ കുറേ പ്രമോഷനൊക്കെക്കിട്ടി 'വലിയ' സാറായിക്കഴിഞ്ഞിരിക്കും അതിനുമാത്രം വിഷവും വച്ചിരിക്കും. എങ്കിൽ അയാളുടെ എന്തോ സൗജന്യം പറ്റുന്നതിനുള്ള പ്രീണനമായി എന്റെ ക്ഷണം കണക്കാക്കിക്കളയും. അയാളുടെ ഇരിപ്പും ഭാവവും കണ്ടാൽ മറ്റൊന്നും തോന്നുമായിരുന്നില്ല.

എങ്കിലും ഇരുപതുകൊല്ലം കഴിഞ്ഞു പരസ്പരം തിരിച്ചറിയുന്നതിന്റെ കൗതുകം ഒരു ചില്ലറക്കാര്യമാണോ?

ഒടുക്കം രണ്ടുംകല്പിച്ച് ഞാൻ അങ്ങ് തുടങ്ങി. "ഹസ്സൻ എന്നല്ലേ പേര്?"

"ഉം"—കനിപ്പിലുള്ള ആ മൂളൽ കേട്ടാൽ പിന്നെ ഒരുമാതിരിക്കാരൊന്നും രണ്ടാമതൊരു ചോദ്യം ചോദിക്കുകയില്ല.

"ഇപ്പോഴെവിടെപ്പോകുന്നു?"

"അറിഞ്ഞിട്ട് നിനക്കെന്താ കാര്യം?" എന്ന ഭാവത്തിൽ അയാൾ ഒന്നു കനപ്പിച്ചു നോക്കി എങ്കിലും അതു കാര്യമാക്കാതെ ഞാൻ ചോദിച്ചു.

"വീട്ടിലേക്കായിരിക്കും അല്ലേ?"

"ഉം"—മൂളലിനു ഒരുകിലോ കൂടി കനം വർദ്ധിച്ചിരിക്കുന്നു.

വർത്തമാനം മുറിഞ്ഞു. തിരിച്ചറിഞ്ഞാൽ അയാളുടെ മുഖത്തെ വലിഞ്ഞുമുറുകിയ മാംസപേശികൾ ഒരു വിസ്തരിച്ച ചിരിയിൽ അയയുമെന്നും അയാൾ ക്ഷമാപണം നടത്തുമെന്നും ഉറപ്പാണ്.

"പണ്ട് ഞാൻ നിങ്ങളെ പരിചയപ്പെട്ടിട്ടുണ്ട്."

"ഉം"—പിന്നെയും കനം കൂടുന്നു.

"ഇരുപതു കൊല്ലം മുമ്പാണ്."

ഇത്തവണ മൗനത്തിനാണ് കനം.

"അന്ന് നിങ്ങൾ കാരശ്ശേരിക്കടുത്തായിരുന്നു താമസം."

നിർവ്വികാരമായ മൗനം എവിടേപ്പോകുന്നുവെന്നോ പേരെന്താണെന്നോ പരിചയപ്പെട്ടത് എവിടെ വച്ചാണെന്നോ ഒക്കെ അയാൾ ഒരു മര്യാദയ്ക്കുവേണ്ടി ചോദിക്കുമെന്ന് പിന്നെയും എനിക്ക് തോന്നി. പക്ഷേ, യാതൊന്നും ഉണ്ടായില്ല.

പിന്നെ, ആ ദുർഘടസന്ധിയിൽനിന്ന് എങ്ങനെയെങ്കിലും ഒന്നു തലയൂരാൻ വേണ്ടി ചോദിച്ചു.

"അന്ന് പരിചയപ്പെട്ട സുഹൃത്തുക്കളെ ആരെയും ഓർമ്മയില്ലേ?"

"എന്തിനാ ആ നായിന്റെമക്കളെയൊക്കെ ഓർത്തുകൊണ്ടിരിക്കുന്നത്? അന്ന് അവനവന്റെ കാര്യം സാധിക്കാൻ അവരൊക്കെ വരും. എനിക്ക് അവരെയൊക്കെ ഓർത്തുകൊണ്ടിരിക്കുകയല്ലാതെ വേറെ പണിയില്ലേ?"

ഞാൻ ഒന്നു ഇളിഞ്ഞു. ഇയാൾക്കു കാര്യമായ പ്രമോഷനെന്തോ കിട്ടിയിട്ടുണ്ട് എന്നുറപ്പായി. അത് ഉള്ളിൽ വച്ചുകൊണ്ട് ചോദിച്ചു.

"ഇപ്പോൾ സിവിൽ സ്റ്റേഷനിലാണ്, അല്ലേ?"

"ഉം"

"നിങ്ങൾ അന്നൊക്കെ ധാരാളം വായിക്കുമായിരുന്നല്ലോ. ഇപ്പോൾ അതിലൊന്നും താല്പര്യമില്ലേ?"

അയാൾ പൊട്ടിത്തെറിച്ചു:

"വായന! എന്തിനാ വായിക്കുന്നത്? ഓരോ നായിന്റെമക്കൾ പൈസയും പേരും ഉണ്ടാക്കാൻ വേണ്ടി തൊള്ളയിൽത്തോന്നിയതൊക്കെ എഴുതിവിടും. അതൊക്കെ വായിച്ചിട്ട് നമുക്കെന്താ പ്രയോജനം? ബുദ്ധിയില്ലാത്ത കാലത്ത് ഞാനും അതിനൊക്കെ പൈസ മുടക്കിയിരുന്നു. സമയവും നഷ്ടം. ആ നേരംകൊണ്ട് ഒരു വാഴ വച്ചാൽ അത്രയും ലാഭമാണ്."

അടുത്ത സ്റ്റോപ്പിൽ ഇറങ്ങിയാലോ എന്നായി എന്റെ ചിന്ത. ഈ പഹയന്റെ കൂടെയിരുന്ന് യാത്ര ചെയ്താൽ ഇനിയും ആ 'നായിന്റെമോൻ' കേൾക്കേണ്ടിവന്നാലോ? മാത്രമല്ല, വായനയിലും എഴുത്തിലുമൊക്കെ താല്പര്യമുള്ള ഒരാളാണ് തൊട്ടടുത്തിരിക്കുന്നത് എന്നറിഞ്ഞാൽ ആ മാടൻ ദേഹോപദ്രവം ഏല്പിക്കുകയില്ല എന്നതിന് എന്താണുറപ്പ്? ഞാൻ ബാഗിൽ നിന്ന് വാരികയെടുത്ത് അതിലേക്ക് മുഖം പൂഴ്ത്തി. അടുത്ത സ്റ്റോപ്പിൽ ബസ് നിർത്തിയപ്പോൾ യാത്ര ചോദിക്കുകയോ, എന്നൊയൊന്നു തിരിഞ്ഞുനോക്കുകയോ ചെയ്യാതെ അയാൾ ഇറങ്ങിപ്പോയി.

സിമി മാസിക: സെപ്തംബർ–ഒക്ടോബർ 1989.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014